സ്വകാര്യ ഐ.ടി.സി.കളിലെ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും സേവന വേതന വ്യവസ്ഥകൾ

194 (3123)ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തൊഴിൽ പരിശീലന വകുപ്പിന്റെ കീഴിൽ സർക്കാരിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സ്വകാര്യ ഐ.ടി.സി.കളിലെ അദ്ധ്യാപകരുടേയും ജീവനക്കാരുടേയും സേവന-വേതന വ്യവസ്ഥകൾ അങ്ങേയറ്റം പരിതാപകരമാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വിഷയത്തിൽ ഇടപെടുകയും അവർക്ക് ജീവിക്കാൻ ആവശ്യമായ വേതനം നൽകുവാൻ നിഷ്കർഷിക്കുകയും ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) സ്വകാര്യ ഐ.ടി.സി. ജീവനക്കാർക്ക് സംസ്ഥാന സർക്കാർ ജീവനക്കാർക്കു നൽകുന്ന ശമ്പളത്തിന്റെ 2/3 ഭാഗം ശമ്പളം നൽകണമെന്നുള്ള കേന്ദ്ര സർക്കാർ/ഡി.ജി.ഇ.റ്റി.യുടെ നിർദ്ദേശം എല്ലാ ഐ.ടി.സി.കൾക്കും നൽകിയിട്ടുണ്ട്. പക്ഷേ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഒരു സ്റ്റേ ഉത്തരവ് നില നിൽക്കുന്നതിനാൽ ഈ നിർദ്ദേശം നടപ്പിൽ വന്നിട്ടില്ല. സ്റ്റേ ഉത്തരവ് പിൻവലിക്കുന്നതിനായി ബഹു.ഹൈക്കോടതിയോട് അപേക്ഷിച്ചിട്ടുണ്ട്.

ഐ.ടി.സി. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ

195 (3124)ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ അംഗീകരിച്ച സ്വകാര്യ ഐ.ടി.സി. കളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥ പ്രകാരം ലഭിക്കുന്ന ആനുകൂല്യം വളരെ തുച്ഛമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആവശ്യമായ നടപടിയെടുത്ത് പ്രസ്തുത പ്രശ്നം പരിഹരിക്കുമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വകാര്യ ഐ.ടി.സി. ജീവനക്കാർക്ക് സംസ്ഥാന സർക്കാർ ജീവനക്കാർക്കു നൽകുന്ന ശമ്പളത്തിന്റെ 2/3 ശമ്പളം നൽകണമെന്നുള്ള കേന്ദ്ര സർക്കാരിന്റെ ഡി.ജി.ഇ.ടി.യുടെ നിർദ്ദേശം എല്ലാ ഐ.ടി.സി.കൾക്കും നൽകിക്കഴിഞ്ഞു. പക്ഷേ ഇതു നടപ്പിലാക്കുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് നിലനിൽക്കുന്നതിനാൽ ടി നിർദ്ദേശം നടപ്പിൽ വന്നിട്ടില്ല. സ്റ്റേ പിൻവലിക്കുന്നതിനായി ബഹുമാനപ്പെട്ട ഹൈക്കോടതിയോട് അപേക്ഷിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly